# കേരള സർവകലാശാല

നം. പി.ആർ.172/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

## ബി.ടെക് സ്പോട്ട് അഡ്മിഷൻ

കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ ഒന്നാം വർഷ ബി.ടെക് കമ്പ്യൂട്ടർ സയൻസ്, ഇൻഫർമേഷൻ ടെക്നോളജി, ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ എന്നീ ബ്രാഞ്ചുകളിൽ ഒഴിവുള്ള സീറ്റുകളിലേക്ക് ആഗസ്റ്റ് 10, 11 തീയതികളിൽ രാവിലെ 11 മണിക്ക് കാര്യവട്ടത്തുള്ള കോളേജ് ഓഫീസിൽ വച്ച് സ്പോട്ട് അഡ്മിഷൻ നടത്തുന്നതാണ്. പ്രവേശന പരീക്ഷ കമ്മീഷണർ തയ്യാറാക്കിയ KEAM റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട യോഗ്യത നേടിയവർക്ക് ഇതിൽ പങ്കെടുക്കാവുന്നതാണ്. ഫോൺ: 0471–2308874. (www.ucek.in)

## പി.ജി സർട്ടിഫിക്കറ്റ് ഇൻ കൗൺസലിംഗ്: സീറ്റൊഴിവ്

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപന കേന്ദ്രം ആഗസ്റ്റ് അഞ്ചിന് ക്ലാസ് ആരംഭിക്കുന്ന പി.ജി സർട്ടിഫിക്കറ്റ് ഇൻ കൗൺസലിംഗ് കോഴ്സിന് ഏതാനും സീറ്റൊഴിവുണ്ട്. കേരള സർവകലാശാല അംഗീകരിച്ച ബിരുദമാണ് യോഗ്യത. കോഴ്സ് ഫീസ് 7500 രൂപ. അപേക്ഷ ഫീസ് 100 രൂപ. കോഴ്സ് കാലാവധി നാല് മാസം. ക്ലാസുകൾ ശനി, ഞായർ ദിവസങ്ങളിൽ മാത്രം (ശനി ഉച്ചയക്ക് 1.30 മുതൽ 4.30 വരെ, ഞായർ രാവിലെ 9.30 മുതൽ വൈകീട്ട് 4.30 വരെ). താൽപര്യമുള്ളവർ പി.എം.ജി ജംഗ്ഷനിലെ സി.എ.സി.ഇ.ഇ ഓഫിസുമായി ബന്ധപ്പെടുക. ഫോൺ 0471–2302523.

## സർട്ടിഫിക്കറ്റ് ഇൻ യോഗ ആന്റ് മെഡിറ്റേഷൻ: മോർണിംഗ് ബാച്ച് ഇന്റർവ്യൂ

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ യോഗ ആന്റ് മെഡിറ്റേഷൻ കോഴ്സിന്റെ പ്രവേശനത്തിന് ആഗസ്റ്റ് ഏഴിന് ഇന്റർവ്യൂ നടത്തും. യോഗ്യത പ്ലസ് ടു/പ്രീഡിഗ്രി ജയം. കോഴ്സ് ഫീസ് 6000 രൂപ. അപേക്ഷ ഫീസ് 100 രൂപ. ക്ലാസുകൾ തിങ്കൾ മുതൽ ശനി വരെ രാവിലെ ഏഴ് മണി മുതൽ ഒമ്പത് മണി വരെ. കോഴ്സ് കാലാവധി മൂന്ന് മാസം. ഒഴിവുള്ള സീറ്റുകളിൽ അന്നേ ദിവസം സ്പോട്ട് അഡ്മിഷൻ നടത്തും. താൽപര്യമുള്ളവർ പി.എം.ജി ജംഗ്ഷനിലെ സി.എ.സി.ഇ.ഇ ഓഫിസുമായി ബന്ധപ്പെടുക. ഫോൺ 0471–2302523.

## സർട്ടിഫിക്കറ്റ് ഇൻ ടി.വി ന്യൂസ് റീഡിംഗ് ആന്റ് കോംപയറിംഗ് – പ്രവേശനം

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ ടി.വി ന്യൂസ് റീഡിംഗ് ആന്റ് കോംപയറിംഗ് കോഴ്സിന് അപേക്ഷ ക്ഷണിക്കുന്നു. യോഗ്യത പ്ലസ് ടു/പ്രീഡിഗ്രി ജയം. കോഴ്സ് കാലാവധി മൂന്ന് മാസം. കോഴ്സ് ഫീസ് 10000 രൂപ. അപേക്ഷ ഫീസ് 100 രൂപ. ക്ലാസുകൾ ശനി, ഞായർ ദിവസങ്ങളിൽ മാത്രം. അപേക്ഷ സ്വീകരിക്കുന്ന

അവസാന തീയതി ആഗസ്റ്റ് 16 വൈകീട്ട് 5 മണി വരെ. താൽപര്യമുള്ളവർ പി.എം.ജി ജംഗ്ഷനിലെ സി.എ.സി.ഇ.ഇ ഓഫിസുമായി ബന്ധപ്പെടുക. ഫോൺ 0471-2302523.

## <u>സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ്: പ്രവേശനം</u>

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് കോഴ്സിന് അപേക്ഷ ക്ഷണിക്കുന്നു. യോഗ്യത പ്ലസ് ടു/പ്രീഡിഗ്രി ജയം. കോഴ്സ് കാലാവധി ആറ് മാസം. കോഴ്സ് ഫീസ് 7500 രൂപ. അപേക്ഷ ഫീസ് 100 രൂപ. ക്ലാസുകൾ ശനി, ഞായർ ദിവസങ്ങളിൽ മാത്രം. അവസാന തീയതി ആഗസ്റ്റ് 16. താൽപര്യമുള്ളവർ പി.എം.ജി ജംഗ്ഷനിലെ സി.എ.സി.ഇ.ഇ ഓഫിസുമായി ബന്ധപ്പെടുക. ഫോൺ 0471-2302523.

## <u>ദ്വിദിന ശിൽപശാല</u>

കേരളത്തിലെ തണ്ണീർതടങ്ങൾ സമൂഹത്തിന് നൽകുന്ന സേവനങ്ങളുടെ മൂല്യനിർണ്ണയം എന്ന വിഷയത്തെ ആസ്പദമാക്കി കേരള സർവകലാശാല പരിസ്ഥിതി ശാസ്ത്ര വകുപ്പ് കൊല്ലത്ത് സംഘടിപ്പിച്ച ദ്വിദിന ശിൽപശാല കൊല്ലം മേയർ അഡ്വ. വി. രാജേന്ദ്ര ബാബു ഉദ്ഘാടനം ചെയ്തു. സർവകലാശാല പ്രോ-വൈസ് ചാൻസലർ ഡോ. എൻ. വീരമണികണ്ഠൻ അദ്ധ്യക്ഷത വഹിച്ചു.



(ദ്വിദിന ശിൽപശാല കൊല്ലം മേയർ അഡ്വ. വി. രാജേന്ദ്ര ബാബു ഉദ്ഘാടനം ചെയ്യുന്നു. ഡോ. ആന്ദ്രേയ് ഖാർമാൻഡി (ഹൈഫ സർവകലാശാല), ഡോ.

കെ.കെ. അപ്പുകുട്ടൻ, സർവകലാശാല പ്രോ–വൈസ് ചാൻസലർ ഡോ. എൻ. വീരമണികണ്ഠൻ, ഡോ. സാബു ജോസഫ് (പരിസ്ഥിതി ശാസ്ത്ര വകുപ്പ്, കേരള സർവകലാശാല) എന്നിവർ സമീപം )

## ത്രിദിന അന്തർദേശീയ സെമിനാർ

കേരള സർവകലാശാല കാര്യവട്ടം ഇക്കണോമിക്സ് പഠനവകുപ്പിന്റെ കീഴിലുള്ള ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ആൾട്ടർനേറ്റീവ് ഇക്കണോമിക്സ് സാമ്പത്തിക വികസനത്തിനുള്ള നിയമങ്ങളും സ്ഥാപനങ്ങളും : ഇന്ത്യയിൽ നിന്നുള്ള സിദ്ധാന്തങ്ങളും പ്രായോഗികതലങ്ങളും എന്ന വിഷയത്തിൽ ത്രിദിന സെമിനാർ ആഗസ്റ്റ് 9, 10, 11 തീയതികളിൽ പാളയം സെനറ്റ് ചേംബറിൽ നടത്തുന്നു. പ്രൊഫ. പ്രഭാത് പട്നായിക്, പ്രൊഫ. റാം സിങ്, പ്രൊഫ. ജാവിർ സിങ്, പ്രൊഫ. ബി.എസ് ചിമ്നി, പ്രൊഫ. വിജയ്, പ്രൊഫ. സതീഷ് ജയിൻ എന്നിവർ പ്രഭാഷണം നടത്തും. വിശദവിവരങ്ങൾ സർവകലാശാല വെബ്സൈറ്റ് (www.keralauniversity.ac.in) അല്ലെങ്കിൽ (www.iucae.in) വഎന്ന വെബ്സൈറ്റോ സന്ദർശിക്കുക.

## ലാബ് പരീക്ഷ കേന്ദ്രങ്ങൾ

കേരള സർവകലാശാലയുടെ കമ്പയിണ്ട് ഒന്ന്, രണ്ട് സെമസ്റ്റർ ബി.ടെക് നവംബർ 2016 (2013 സകീം) മെക്കാനിക്കൽ എഞ്ചിനീയറിംഗ് വർക്ക്ഷോപ്പ് പരീക്ഷ ആഗസ്റ്റ് ഏഴ് രാവിലെ 9.30–ന് തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ വച്ചും കൊല്ലം ടി.കെ.എം കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ വച്ചും നടക്കും. പ്രസ്തുത ലാബ് പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത സി.ഇ.ടി, കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം എൽ.ബി.എസ്, ആനാട് മോഹന്ദാസ് കോളേജ് ഓഫ് എഞ്ചിനീയറിംഗ്, നഗരൂർ രാജധാനി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എന്നീ കോളേജുകളിലെ വിദ്യാർത്ഥികൾ സി.ഇ.ടിയിലും , ടി.കെ.എം, ബസേലിയസ് മാത്യൂസ് II, എസ്.എച്ച്.എം കടയ്ക്കൽ, കൊല്ലം വടക്കേവിള യൂനുസ് കോളേജ് ഓഫ് എഞ്ചിനീയറിംഗ്, അടൂർ എസ്.എൻ.ഐ.ടി, കണ്ണനല്ലൂർ യൂനുസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, അഞ്ചൽ പിനാക്ൾ സ്കൂൾ ഓഫ് എഞ്ചിനീയറിംഗ്, പുന്നപ്ര കാർമൽ കോളേജ് ഓഫ് എഞ്ചിനീയറിംഗ് എന്നീ കോളേജുകളിലെ വിദ്യാർത്ഥികൾ ടി.കെ.എം എഞ്ചിനീയറിംഗ് കോളേജിലും ലാബ് പരീക്ഷയ്ക്ക് ഹാജരാകണം.

## ഹാൾടിക്കറ്റുകൾ കൈപറ്റണം

കേരള സർവകലാശാലയുടെ വിദൂര വിദ്യാഭ്യാസ പഠനകേന്ദ്രം ആഗസ്റ്റ് മുതൽ നടത്തുന്ന സപ്ലിമെന്ററി പരീക്ഷകളായ ഒന്നാം വർഷ എം.എസ്സി ക്ലിനിക്കൽ ന്യൂട്രിഷൻ ആന്റ് ഡയറ്ററ്റിക്സ്, ഒന്നാം വർഷ എം.എച്ച്.എസ്സി ക്ലിനിക്കൽ ചൈൽഡ് ഡെവലപ്മെന്റ്, രണ്ടാം വർഷ ക്ലിനിക്കൽ ചൈൽഡ് ഡെവലപ്മെന്റ്, മാസ്റ്റർ ഓഫ് ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് (എം.എൽ.ഐ.എസ്സി), പി.ജി.ഡി.എച്ച്.എസ്.ആർ, പി.ജി.ഡി.ഇ.പി.എം.എ, പ.ജി.ഡി.സി.ജെ എന്നിവയുടെ ഹാൾടിക്കറ്റുകൾ പാളയം എസ്.ഡി.ഇയിൽ നിന്നും കൈപറ്റണം.

## ബി.ടെക് സൂക്ഷ്മപരിശോധന

കേരള സർവകലാശാല 2016 സെപ്തംബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബി.ടെക് (2013 സ്കീം – സപ്ലിമെന്ററി) പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് വേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുള്ളവർ ഫോട്ടോ പതിച്ച ഐ.ഡി കാർഡും ഹാൾടിക്കറ്റുമായി ബി.ടെക് റീ വാല്യുവേഷൻ സെക്ഷനിൽ ആഗസ്റ്റ് നാല് മുതൽ 11 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ ഹാജരാകണം.

## എൽ.എൽ.ബി പരീക്ഷ മാറ്റി

കേരള സർവകലാശാല ആഗസ്റ്റ് 11-ന് നടത്തുവാനിരുന്ന ആറാം സെമസ്റ്റർ യൂണിറ്ററി എൽ.എൽ.ബി പരീക്ഷകൾ സെപ്തംബർ 14-ലേക്ക് മാറ്റി. പുതുക്കിയ വിജ്ഞാപനം അനുസരിച്ച് ഓൺലൈൻ രജിസ്ട്രേഷൻ ആഗസ്റ്റ് ഏഴിന് ആരംഭിക്കും. പിഴ കൂടാതെ ആഗസ്റ്റ് 14 (50 രൂപ പിഴയോടെ ആഗസ്റ്റ് 18, 125 രൂപ പിഴയോടെ ആഗസ്റ്റ് 21) വരെ ഫീസടച്ച് അപേക്ഷിക്കാം.

തിരുവനന്തപുരം.
01.08.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098